പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: *5232* 30.06.2014-ൽ മറുപടിക്ക്

<u>കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പുതിയ ബസ് സർവ്വീസുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്ന് നിയമസഭാ സാമാജികൻ നേരിട്ടും നിയമസഭാ സാമാജികൻ മുഖേനയും കെ.എസ്.ആർ.ടി.സിയുടെ പുതിയ സർവ്വീസ് നടത്തുന്നതിനും ടി.ടി. സർവീസുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടായിരുന്നു; ഏതെല്ലാമായിരുന്നു പ്രസ്തുത അപേക്ഷകൾ എന്ന് വെളിപ്പെടുത്താമോ; | (എ) | ബസ് സർവ്വീസുകൾ, സ്റ്റോപ്പുകൾ എന്നിവ അനുവദിക്കുന്നത് സംബന്ധിച്ച് 4 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അവയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1) അയണിക്കാട്-കോട്ടകടപ്പുറം-കൊളാവിപ്പാലം-കോട്ടക്കൽ റൂട്ടിൽ പുതിയ സർവ്വീസിനായി ബഹു.എം.എൽ.എ ശ്രീ. കെ. ദാസൻ നൽകിയ കത്ത്.<br>2) കോഴിക്കോട്-കണ്ണൂർ റൂട്ടിൽ തിരുവങ്ങൂരിൽ റിക്വസ്റ്റ് ബസ് സ്റ്റോപ്പിനായി ബഹു. എം.എൽ.എ ശ്രീ. കെ. ദാസൻ നൽകിയ കത്ത്.<br>3) കോഴിക്കോട്-കൊയിലാണ്ടി-അരിക്കുളം-പേരാമ്പ്ര റൂട്ടിൽ ബസ് സർവ്വീസിനായി ബഹു.എം.എൽ.എ ശ്രീ. കുഞ്ഞമ്മദ് മാസ്റ്റർ നൽകിയ കത്ത്.<br>4) കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനായി ബഹു.എം.എൽ.എ ശ്രീ. കെ. ദാസൻ നൽകിയ കത്ത്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ ഓരോന്നിലും സ്വീകരിച്ചിട്ടുള്ള നടപടികളും നടപടികളുടെ ഭാഗമായി എവിടെയെല്ലാം പുതിയ സർവ്വീസ് ആരംഭിച്ചുഎന്നും എവിടെയെല്ലാം | (ബി) | മേൽ സൂചിപ്പിച്ച എല്ലാ അപേക്ഷകളും സാധ്യതാപഠനത്തിന് വിധേയമാക്കിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെ കുറവ് കാരണം പുതിയ സർവ്വീസുകളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല. അതോടൊപ്പം തിരുവങ്ങൂരിൽ |

| | | | |
|---|---|---|---|
| | പുതിയ ടി.ടി. സ്റ്റോപ്പുകൾ ആരംഭി ച്ചിട്ടുണ്ട് എന്നതും വിശദമായി വ്യക്തമാക്കാമോ; | | റിക്വസ്റ്റ് ബസ് സ്റ്റോപ്പ് അനുവദിക്കുന്നത് കോർപ്പറേഷന് ഗുണകരമല്ലായെന്ന് സാധ്യതാ പഠനത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞതിനാൽ ബസ് സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. കോർപ്പറേഷന്റെ നില വിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയ ബാദ്ധ്യതകളൊന്നുംതന്നെ ഏറ്റെടുക്കു വാൻ നിർവ്വാഹമില്ലാത്തതിനാൽ കൊയിലാ ണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്ക ണമെന്ന ആവശ്യവും പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ